# ചരിത്രത്തിലേയ്ക്ക് ഒരു സമരം

**വർഗ്ഗീസ് തൊടുപറമ്പിൽ**

ചീഫ് ഓർഗനൈസർ, കർഷകമുന്നേറ്റം, മുരിയാട് കായൽ കൃഷി സംരക്ഷണ സമിതി

ഇംഗ്ലീഷ് ഭാഷയിലെ ഒരു ചൊല്ലുണ്ട്. "Strike while iron is hot" അതെ ഇരുമ്പുചൂടായിരിക്കുമ്പോഴാണ് അടിച്ചുപരുവപ്പെടുത്തേണ്ടത്. തണുത്തുകഴിഞ്ഞാൽ പിന്നെ ഇരുമ്പിന് രൂപമാറ്റം വരുത്താനാവില്ല.

തൃശൂർ ജില്ലയിലെ മുരിയാട് കായൽ മേഖലയിലെ കർഷകരും കർഷക തൊഴിലാളികളും കൃഷി-പ്രകൃതി സ്നേഹികളും ഒത്തൊരുമയോടെ തുടരുന്ന കർഷക മുന്നേറ്റം നേരത്തെ പറഞ്ഞ ചൊല്ലിനെ അന്വർത്ഥമാക്കുന്നതാണ്. തീർത്തു കൃത്യമായ സമയത്താണ് ആ സമരം തുടങ്ങിയത്. അതുകൊണ്ടുതന്നെ വിചാരിച്ചതിനേക്കാൾ വേഗതയിൽ വളരെ തീക്ഷ്ണതയോടെ പൊതുസമൂഹം ആ സമരത്തെ നെഞ്ചിലേറ്റിക്കഴിഞ്ഞു.

## മുരിയാട് കായൽമേഖല

മദ്ധ്യ കേരളത്തിന്റെ നെല്ലറയാണ് മുരിയാട് കായൽ. അന്താരാഷ്ട്ര തണ്ണീർത്തടമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കോൾപ്പാടങ്ങളുടെ ഭാഗമാണ് ഈ മേഖല. പതിനോരായിരം ഏക്കറിലധികം ഇതിനു വിസ്തീർണ്ണമുണ്ടായിരുന്നു. ആദ്യകാല കർഷകർ മഴക്കാലം തീരുന്നതോടെ മൺചിറകൾ കെട്ടി ചക്രം ചവിട്ടി വെള്ളം വറ്റിച്ചും വേത്തുതേവി ജലസേചനം നടത്തിയും ഒരുക്കിയെടുത്തതാണ് ഇവിടത്തെ കാർഷിക മേഖല. കരുവന്നൂർ, കീച്ചേരി, ചാലക്കുടി പുഴകളുടെ പ്രളയജലം ഏറ്റുവാങ്ങുന്ന ഏക്കൽ സമതലങ്ങളാണ് ഈ മേഖല. വനനിബിഢമായിരുന്ന സഹ്യപർവ്വതനിരകളിലെ ഫലഭൂയിഷ്ഠമായ ഏക്കൽ മണ്ണുകൊണ്ടുവരുന്ന വിളവിന്റെ സമൃദ്ധി ആദ്യകാലത്ത് കർഷകർക്ക് കോളടിച്ചതുപോലെ കിട്ടിയിരുന്നു. തന്മൂലമാണ് ഈ പാടങ്ങൾക്ക് കോൾപാടങ്ങൾ എന്നു പേരുവന്നത്. എന്നാൽ ഇപ്പോൾ ഈ പാടത്ത് കോളടിക്കുന്നത് കർഷകരും കർഷക തൊഴിലാളികളുമല്ല. മറ്റു പലരുമാണ്.

## ഇന്നത്തെ അവസ്ഥ

പതിനോരായിരം ഏക്കറിലധികം വിസ്തൃതിയുണ്ടായിരുന്ന നെൽകൃഷി മേഖല ആറായിരത്തോളമായി കുറഞ്ഞു. ബാക്കിയുള്ള പ്രദേശങ്ങൾ ഇഷ്ടികപ്പാടങ്ങളും മണലൂറ്റലുംമൂലം അഗാധ ഗർത്തങ്ങളുമായി. ഇഷ്ടിക ചൂളകളിൽനിന്നും ഉയരുന്ന പുകമൂലം അന്തരീക്ഷവും കെട്ടിക്കിടക്കുന്നത് മൂലം കുടിവെള്ളവും മലിനീകരിക്കപ്പെട്ടു. ഉയർന്ന പ്രദേശങ്ങളിൽ കിണറുകൾ വറ്റിവരണ്ടു.

കുറച്ചു കൃഷി, അതിൽനിന്നും കിട്ടുന്ന വൈക്കോൽ കൊടുത്തു വളർത്തുന്ന കാലികൾ, അവയുടെ ചാണകം വളമാക്കി നെല്ലും, പച്ചക്കറി, തോടുകളിലും കുളങ്ങളിലും വളരുന്ന മത്സ്യങ്ങളിൽനിന്നുമുള്ള വരുമാനം. ഇങ്ങനെ ക്രമപ്പെടുത്തിയതായിരുന്നു ഇവിടത്തെ കർഷകന്റേയും സാധാരണക്കാരുടേയും ജീവിതക്രമം. കൃഷി മുടങ്ങിയതോടെ അതെല്ലാം താളം തെറ്റി. കൊയ്ത്തരിവാളേന്തിയ കൈകൾ കട്ടചുമക്കാൻ നിർബന്ധിതരായി.

കൃഷി ഭൂമിയുടെ ഘടന മാറിയതിനാൽ കൃഷിയിറക്കിയവർക്ക് വൻനഷ്ടങ്ങൾ നേരിടാൻ തുടങ്ങി. കുടിവെള്ളം മലിനമായതിനാൽ വിവിധ ആരോഗ്യപ്രശ്നങ്ങളുണ്ടായി. രണ്ടുവർഷത്തെ അടിത്തട്ടു പ്രവർത്തനം കൊണ്ട് ഇക്കാര്യങ്ങളെല്ലാം ജനം മണ്ണിൽ രൂപപ്പെടുത്തി.

## കർഷക മുന്നേറ്റം

2006 ഡിസംബർ പത്താം തിയ്യതി മനുഷ്യാവകാശ ദിനത്തിൽ ആനന്ദപുരം ശ്രീകൃഷ്ണ ഹൈസ്കൂളിൽ ചേർന്ന് ഐക്യദാർഢ്യ സഭയിൽ കർഷക മുന്നേറ്റത്തിനു സംഘടന രൂപമായി. കക്ഷിരാഷ്ട്രീയ ചിന്തകളില്ലാതെ അഞ്ഞൂറോളം കർഷകർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

അധികാരികൾക്ക് വിവിധ നിവേദനങ്ങൾ നല്കി. ധർണ്ണകളും സമരങ്ങളും നടത്തി. പതിവുപോലെ അധികാരികൾ ചർച്ചകൾ നടത്തി ഉറപ്പുകൾ നൽകി. എന്നാൽ കൃഷിയിടങ്ങൾ നശിപ്പിക്കുന്ന മാഫിയകളുടെ കറുത്ത കരങ്ങൾ എല്ലാം തെറ്റിച്ചു. അപ്പോഴാണ് ശക്തമായ സമരത്തിന് തുനിഞ്ഞത്.

2007 മാർച്ച് 7 മുതൽ ഈ മേഖലയിലെ കോന്തിപുലം പാടത്ത് പി.കെ. ചാത്തൻ മാസ്റ്റർ സ്മാരക സമരമണ്ഡപത്തിൽ കർഷകർ അനിശ്ചിതകാല സത്യാഗ്രഹ സമരം-കർഷക മുന്നേറ്റം തുടങ്ങി.

എല്ലാ രാഷ്ട്രീയ കക്ഷികളും ബഹുജന പ്രസ്ഥാനങ്ങളും കഴിഞ്ഞ പത്തു ദിവസം കൊണ്ടുതന്നെ സമരമണ്ഡപത്തിലെത്തി ഐക്യദാർഢ്യം പ്രഖ്യാപിച്ചു. മാധ്യമ പിന്തുണ സമരത്തിന് ശക്തമായി ലഭിച്ചു. എല്ലാ രീതിയിലും പൊതുസമൂഹം ഏറ്റെടുത്ത ഒരു സമരമായി കർഷകമുന്നേറ്റം മാറികഴിഞ്ഞു.

## കർഷക മുന്നേറ്റം മുന്നോട്ടുവെയ്ക്കുന്ന ആവശ്യം.

കൃഷിഭൂമികൾ കൃഷിക്കുമാത്രം. കൃഷിഭൂമികൾ നശിപ്പിക്കപ്പെട്ടാൽ മുരിയാട്, പറപ്പൂക്കര, നെന്മണിക്കര, വല്ലച്ചിറ, പൊറത്തിശ്ശേരി, വേളൂക്കര, ആളൂർ എന്നീ ഏഴു ഗ്രാമപഞ്ചായത്തുകളിലേയും ഇരിഞ്ഞാലക്കുടയിലേയും ആവാസവ്യവസ്ഥ തകരും. അതിനാൽ ഇത് നിലനില്പിനുവേണ്ടിയുള്ള തലമുറകൾക്കുവേണ്ടിയുള്ള സമരമാണ്.

കർഷക മുന്നേറ്റം തുടങ്ങിയതിനുശേഷം കൃഷിഭൂമി നശീകരണത്തിനെതിരെ ജില്ലയിൽ വ്യാപകമായ ജനകീയ ചെറുത്തുനിൽപ് ആരംഭിച്ചിട്ടുണ്ടെന്നത് ആവേശകരവും പ്രതീക്ഷാർഹവുമാണ്.

അതുകൊണ്ട് എല്ലാവരുടേയും പിന്തുണ ഈ സമരത്തെ ലക്ഷ്യത്തിലേക്കു നയിക്കുവാൻ വേണമെന്ന് ആഗ്രഹിക്കുന്നു.